# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.357 | 15.03.2018- ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള<br>,, ജെയിംസ് മാത്യു<br>,, ഡി.കെ. മുരളി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികളിൽ മൂന്നിലൊന്നു ഭാഗം ഇതുവരെ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ജി.എസ്.ടി. നെറ്റ് വർക്കിന്റെയും സർവറിന്റെയും ക്ഷമത വർദ്ധിപ്പിക്കാനും ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ജി.എസ്.ടി.എൻ നെറ്റ് വർക്ക് എന്ന സ്ഥാപനമാണ്, ഇതിനാവശ്യമായ സോഫ്റ്റ് വെയറുകൾ തയ്യാറാക്കുന്നത്. ആദ്യഘട്ടത്തിൽ ആവശ്യമായ രജിസ്ട്രേഷൻ പഴയ നികുതി സമ്പ്രദായത്തിൽ നിന്നുള്ള മൈഗ്രേഷൻ എന്നിവക്കാവശ്യമായ സോഫ്റ്റ് വെയർ സംവിധാനം ഇപ്പോൾ തന്നെ പ്രവർത്തനക്ഷമമാണ്. എന്നാൽ റിട്ടേൺ ഫയലിങ്ങിനാവശ്യമായ ജി.എസ്.ടി. ആർ വൺ എന്ന സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമല്ല. പകരമായി ജി.എസ്.ടി.ആർ 3 ബി എന്ന ലളിതമായ ഫോർമാറ്റ് ഉപയോഗിച്ച് വ്യാപാരികൾക്ക് റിട്ടേണുകൾ ഫയൽ ചെയ്യാം. റിട്ടേണുകൾ പരിഷ്കരിക്കുന്നതും കൂടുതൽ വ്യാപാരി സൗഹൃദമാക്കുന്നതും ജി.എസ്.ടി കൗൺസിലിന്റെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ഉടനടി തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി.എൻ. നെറ്റ് വർക്കിന്റെ ക്ഷമത വർദ്ധിപ്പിക്കണമെന്ന ആവശ്യം കേരളം നിരന്തരം കൗൺസിലിൽ ഉന്നയിക്കുന്നതാണ്. ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള 75% വ്യാപാരികളും ജി.എസ്.ടി.ആർ 3 ബി റിട്ടേണുകൾ ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | വാറ്റ് നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്തിരുന്ന വ്യാപാരികൾ | (ബി) | വാറ്റ് നിയമപ്രകാരം സംസ്ഥാനത്ത് 265128 വ്യാപാരികൾ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | എത്രയായിരുന്നുവെന്നും എത്ര പേർ ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ നടത്തിയെന്നും അറിയിക്കാമോ; ഇവരിൽ എത്ര പേർ കോമ്പസിഷൻ സ്കീം സ്വീകരിച്ചിട്ടുണ്ട്; | | എടുത്തിട്ടുണ്ടായിരുന്നു. ഇതിൽ 37961 പേർ 20 ലക്ഷത്തിനുതാഴെ വിറ്റുവരവുള്ളതായിരുന്നു. ബാക്കിയുള്ളതിൽ 223204 പേർ ജി.എസ്.ടി യിലേക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്. ഇത് ഏകദേശം 98.24% വരും. ഇതിൽ നാളിതുവരെ 36523 പേർ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി. നടപ്പാക്കിയതിൽ പോരായ്മകൾ ഉണ്ടെന്ന് കേന്ദ്ര റവന്യൂ സെക്രട്ടറി അഭിപ്രായപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ നടത്തുമെന്ന് വിലയിരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങൾ ഇതിനകം തന്നെ ഈ വിഷയം ജി.എസ്.ടി കൗൺസിലിൽ അവതരിപ്പിച്ചിട്ടുണ്ട്. റിട്ടേണുകൾ പരിഷ്കരിക്കുവാനും ജി.എസ്.ടി.എൻ. സോഫ്റ്റ് വെയർ എത്രയും പെട്ടെന്ന് പൂർണ്ണമായും സജ്ജമാക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി കൗൺസിൽ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നികുതിവെട്ടിപ്പ് തടയുവാനായി പരീക്ഷണാടിസ്ഥാനത്തിൽ ഈ-വേ ബിൽ നടപ്പാക്കിയിട്ടുണ്ട്. ഏപ്രിൽ മാസം മുതൽ ഇതു നിർബന്ധമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**